**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കുടുംബപെൻഷൻ - മരണപ്പെട്ട അമ്മിണി.എസ്. മേനോന്റെ ജീവകാല കുടിശ്ശിക മകൻ ശ്രീ.കെ.പി.ബാലഗോപാലന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(സാധാ) നം.10492/2018/ധന തിരുവനന്തപുരം, തീയതി:22/12/2018.

---

പരാമർശം :- (1) എ.ജി (എ&ഇ) യുടെ 01/11/18 - ലെ പി5/പെൻ.എ/2953/05/70-71/1055 നം.കത്ത്.

(2) എറണാകുളം പെൻഷൻ പേയ്മെന്റ് സബ്ട്രഷറി ഓഫീസറുടെ 27.09.18 - ലെ എ 4/2018-19 നം.കത്തും കുടിശ്ശിക പത്രികയും.

(3) ശ്രീ.കെ.പി.ബാലഗോപാലന്റെ 'Succession certificate'.

(4) പി.പി.ഒ നം . ഇ.കെ.എം/1130/എസ്.എഫ്

**ഉത്തരവ്**

ജില്ലാ ജഡ്ജി & നിയമ സെക്രട്ടറിയായി വിരമിച്ച പി.ശങ്കുണ്ണി മേനോന്റെ കുടുംബപെൻഷൻ കൈപ്പറ്റിയിരുന്ന ഭാര്യ അമ്മിണി.എസ്.മേനോൻ 10.08.2017-ൽ മരണപ്പെട്ടതായും പരേതയുടെ ജീവകാല പെൻഷൻ കുടിശ്ശികക്ക് നാമനിർദ്ദേശം ചെയ്തിരുന്ന ശ്രീ.കെ.പി.ബാലഗോപാലൻ പ്രസ്തുത ആനുകൂല്യത്തിനായി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷിച്ചതായി പരാമർശം 1 പ്രകാരം എ.ജി അറിയിച്ചിരിക്കുന്നു.എറണാകുളം പെൻഷൻ പേയ്മെന്റ് സബ്ട്രഷറി ഓഫീസറുടെ പരാമർശം 2 പ്രകാരമുള്ള കുടിശ്ശിക പത്രിക അനുസരിച്ച് 01.01.2006 മുതൽ 30.06.2017 വരെയുള്ള പെൻഷൻ റിവിഷൻ കുടിശ്ശിക 38,07,842/- രൂപയാണ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ പരാമർശം 2 ലെ കുടിശ്ശിക പത്രിക പ്രകാരം മരണപ്പെട്ട അമ്മിണി.എസ്.മേനോന് 38,07,842/-(മുപ്പത്തെട്ട് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം) രൂപ ജീവകാല കുടുംബ പെൻഷൻ കുടിശ്ശികയായി നൽകാനുണ്ടെന്ന് ബോധ്യമായതിനാലും സൂചന 1) - ലെ കത്തിൽ ടി ആനുകൂല്യം പരേത നാമനിർദ്ദേശം ചെയ്ത ശ്രീ.കെ.പി.ബാലഗോപാലന് അംഗീകരിച്ച് നൽകാവുന്നതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാലും പ്രസ്തുത തുക ശ്രീ.കെ.പി.ബാലഗോപാലന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ജീവകാല കുടുംബ പെൻഷൻ കുടിശ്ശിക നൽകുന്നതിനാവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് 2071-01-105-99 കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ. രാജശ്രീ

**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ) കേരള,തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ.ആന്റ് ആർ.എസ്.എ) കേരള,തിരുവനന്തപുരം.
4. സബ് ട്രഷറി ഓഫീസർ, പെൻഷൻ പേയ്മെന്റ് സബ്ട്രഷറി, എറണാകുളം .
5. ശ്രീ.കെ.പി.ബാലഗോപാലൻ ,ചെറ്റക്കൽ ഹൗസ്,ബ്ലോസ്സം റോഡ്,എളമക്കര,കൊച്ചി-682026.
6. നോഡൽ ഓഫീസർ, www.finance.kerala.gov.in.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E- 1042131)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**